**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6581** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക നയത്തിലെ ശുപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2011-16 ലെ സർക്കാരിന്റെ കാലത്തെ കാർഷിക നയത്തിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഇനിയും നടപ്പിലാക്കാൻ ബാക്കിയുള്ളവ ഏതെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | പതിറ്റാണ്ടുകളായി കേരളത്തിൽ നടപ്പിലാക്കിയിരുന്ന കാർഷിക നയങ്ങളും പരിപാടികളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു നയമായിരുന്നു 2015-ലെ സംസ്ഥാന കാർഷിക വികസന നയം. മുൻ സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വന്നതും വിഭാവനം ചെയ്തിരുന്നതുമായ പദ്ധതികൾ കൂടി ഈ നയത്തിൽ ഉൾപ്പെട്ടിരുന്നു. 2006-11 കാലയളവിലെ സർക്കാരിന്റെ പ്രമുഖ നയമായിരുന്ന ജൈവ കാർഷിക നയവും ഇക്കൂട്ടത്തിൽപ്പെടുന്നു. തുടർന്ന് വന്ന സർക്കാർ 2016-21 കാലഘട്ടത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അതിന്റെ തുടർച്ചയായി ഈ സർക്കാർ കർഷകരുടെ വരുമാനം 50 % എങ്കിലും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഉൽപാദനം, സംഭരണം, വിതരണം, സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നീ സമഗ്ര മേഖലകളിലും കർഷക താത്പര്യം സംരക്ഷിച്ചു കൊണ്ട് ഗുണനിലവാരമുള്ള ഉൽപാദനോപാധികൾ ലഭ്യമാക്കിയും കാർഷിക ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ വികസനവും, കർഷക കൂട്ടായ്മകളും രൂപീകരിച്ചും, പ്രകൃതിക്ഷോഭം മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് വിള ഇൻഷ്വറൻസ്, വിള നഷ്ട പരിഹാരം എന്നിവ വഴി സാമ്പത്തിക സഹായങ്ങൾ നൽകിയും, കൃഷി അടിസ്ഥാന സൌകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ചും, കാർഷിക വായ്പകൾ ലഭ്യമാക്കിയും , കാർഷിക സർവകലാശാലയുടെ സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കിയും, ആധുനിക സാങ്കേതിക വിദ്യയുടെ പൂർണ്ണ സഹായത്തോടെ കൃഷിഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കിയും കാർഷിക വിജ്ഞാന വ്യാപനത്തിന് പദ്ധതികൾ ആവിഷ്കരിച്ചുമാണ് |

| | | | |
|---|---|---|---|
| | | | കർഷകന് 50% വരുമാന വർദ്ധനവ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഇനിയും നടപ്പിലാക്കാൻ അവശേഷിക്കുന്ന ശുപാർശകൾ എപ്പോൾ നടപ്പിലാക്കുമെന്ന് വിശദമാക്കാമോ; ഇതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | കാർഷിക മേഖലയിലെ സമഗ്ര വികസനത്തിന് , മുമ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ തുടർനടപടികളും പുതിയ ആശയങ്ങളും ഉൾപ്പെടുത്തി പതിനാലാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുവാനുള്ള ആസൂത്രണം നടന്നു വരുന്നു. |
| (സി) | കാർഷിക നയത്തിൽ ശുപാർശ ചെയ്യപ്പെട്ട അവകാശ ലാഭം നടപ്പിലാക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | GST- യുടെ പശ്ചാത്തലത്തിൽ അവകാശലാഭം നടപ്പിലാക്കുന്നതിന്റെ നിയമവശം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ